LIBRARY ARCHIVES Kerala Legislative Assembly

റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ കുടിശ്ശിക

280 (280) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ നൽകാനുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അതിജീവന കിറ്റുകൾ വിതരണം ചെയ്ത വകയിൽ 10.61 കോടി രൂപ റേഷൻ വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അതിജീവന കിറ്റ് വിതരണം നടത്തിയ വകയിൽ റേഷൻ വ്യാപാരികൾ ആവശ്യപ്പെടുന്ന തുക ഉടൻ നൽകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. എന്നാലും പ്രസ്തുത തുക നൽകാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

റേഷൻകടകൾ വഴിയുള്ള ഭക്ഷ്യ കിറ്റ് വിതരണം

281 (281) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴിയുള്ള ഭക്ഷ്യ കിറ്റ് വിതരണം തുടരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

(ബി) നിത്യോപയോഗ സാധനങ്ങൾ റേഷൻകടകൾവഴി വിപണനം നടത്തുന്നത് ആലോചനയിലുണ്ടോ; സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റേഷൻ കടകളിലെ വൈവിധ്യവത്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിന് റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി കൂപ്പിവെള്ളം, ശബരി ഉത്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, കായപ്പൊടി, ഉപ്പ്, കറിപൗഡർ, സോപ്പ്, അപ്പംപൊടി തുടങ്ങിയവ വിതരണം നടത്തുന്ന സ്കീം ആരംഭിച്ചു. എന്നാൽ കോവിഡ് വ്യാപന പ്രതിരോധ നടപടികളുടെ ഭാഗമായി സപ്ലൈകോവഴി ഭക്ഷ്യക്കിറ്റുകളുടെ പാക്കിംഗും വിതരണവും നടന്നിരുന്നതിനാലും ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവും കാരണം ടി സ്കീമിൽ വിതരണം തടസ്സപ്പെട്ടതായി